കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വേലൂർ ഗ്രാമപഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എടി.എസ്.ആർ(പി6)323/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ – 6800020

ഫോൺ : 0487-2331249

ഇ-മെയിൽ :dotsr.ksad@kerala.gov.in

തീയതി: 19.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

വേലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വേലൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ്നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത്

എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ(പി6)323/2020 തീയതി : 19.05.2020

## തൃശ്ശൂർ ജില്ലയിലെ വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.11.2018 മുതൽ 20.01.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.03.2019 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്,<br>ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.01.2020 മുതൽ 30.01.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു.പി.എസ് | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീമതി.ലിഷ.കെ.വി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രേഖ.സി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജയൻ.വി.എസ് | ഓഡിറ്റർ |

<u>നിർവ്വഹണ അധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷേർലി ദിലീപ് കുമാർ | 01.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ശ്രീമതി.ശ്രീകല.വി.ജി | 01.04.18 മുതൽ 31.03.19 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എഞ്ചിനീയർ | ശ്രീമതി.ലിസ.വി.എ | 01.04.18 മുതൽ 31.03.19 വരെ |
| കൃഷി ഓഫീസർ | ശ്രീ.മനോജ്.എ.എൻ | 01.04.18 മുതൽ 31.03.19 വരെ |
| വി.ഇ.ഒ | ശ്രീമതി.രശ്മി.പി.സി | 01.04.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഷിബുകുമാർ | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി/ സി.എച്ച്.സി) | ഡോ.സ്മിത കൊച്ചുമോൻ | 01.04.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സിനു.വി.സി | 01.04.18 മുതൽ 31.03.19 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.സുനില.വി.ജി | 01.04.18 മുതൽ 31.03.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ജിഷ | 01.04.18 മുതൽ 31.03.19 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| | | |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽനികുതി - അപാകതകൾ | 1-12 |
| 13 | കെട്ടിട നിർമ്മാണ അനുമതി - അപാകതകൾ | 1-13 |
| 14 | വസ്തു നികുതി ഈടാക്കിയതിലെ അപാകതകൾ | 1-14 |
| 15 | ലേലം - നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-15 |
| 16 | രശീതി പരിശോധനയിൽ കണ്ടെത്തിയ അപാതകൾ | 1-16 |
| 17 | ആംബുലൻസ് - വാഹന ഉപയോഗം സംബന്ധിച്ച സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | 1-17 |
| 18 | തനത് ഫണ്ട് ഒന്നിൽക്കൂടുതൽ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നു | 1-18 |
| 19 | പുതിയതായി ആരംഭിച്ച ബാങ്ക് അക്കൗണ്ടുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-19 |
| 20 | ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭ്യമായില്ല. | 1-20 |
| 21 | കുടിവെള്ളപദ്ധതികളുടെ ആവർത്തനചെലവുകൾ പഞ്ചായത്ത് വഹിക്കുന്നു | 1-21 |
| 22 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-22 |
| 23 | വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാനായില്ല | 1-23 |
| 24 | സംയുക്തപരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം ഉറപ്പുവരുത്തിയിട്ടില്ല | 1-24 |
| 25 | കുടിവെള്ളപ്രൊജക്ടുകളുടെ നിർവ്വഹണത്തിലെ അപാകതകൾ | 1-25 |
| 26 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടുകളിൽ നീക്കിയിരിപ്പ് | 1-26 |
| 27 | വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിച്ച ഫണ്ടുകൾ ചെലവഴിക്കാതെ കിടക്കുന്നു | 1-27 |
| 28 | ഫണ്ട് വിനിയോഗം -97 ലക്ഷത്തിൽപ്പരം രൂപ ലാപ്സായി | 1-28 |
| 29 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-29 |
| 30 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-30 |
| 31 | സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ-രേഖകൾ ലഭ്യമല്ല | 1-31 |

| | | |
|---|---|---|
| 32 | എയ്റോബിക്ക് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-32 |
| 33 | പാലിന് സബ്സിഡി -അധികം തുക അനുവദിച്ചു | 1-33 |
| 34 | തെരുവ് വിളക്ക് പരിപാലനം -കരാറുകാരന് ടെണ്ടർ നിരക്കിനേക്കാൾ അധികം തുക അനുവദിച്ചു | 1-34 |
| | ഭാഗം – 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം – 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 35 | പാലിന് സബ്സിഡി -അധികം തുക അനുവദിച്ചു | 3-1 |
| 36 | തെരുവ് വിളക്ക് പരിപാലനം -കരാറുകാരന് ടെണ്ടർ നിരക്കിനേക്കാൾ അധികം തുക അനുവദിച്ചു | 3-2 |
| | ഭാഗം – 4 | |
| 37 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 45 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |
| 46 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 47 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

31-03-2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ഇത് പ്രകാരം പ്രതീക്ഷിത വരവ് 14,02,01,746/- രൂപയും പ്രതീക്ഷിത ചെലവ് – 13,40,57,200/- രൂപയുമാണ്. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 22-02-2019 ലെ 2-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയതു പ്രകാരം പ്രതീക്ഷിത വരവ് 15,80,43,017.71 രൂപയും പ്രതീക്ഷിത ചെലവ് – 14,68,35,369/- രൂപയുമാണ്.

# 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 16.05.2019 |

# 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 21.08.2019 | കെ.എസ്.എ.ടി.എസ്.ആർ(എസ്1)1120/19(86) തീയതി 26.08.2019 |

# 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5161934.71 |
| വരവ് | 89831127 |
| ആകെ | 94993061.71 |
| ചെലവ് | 73848726 |
| നീക്കിയിരിപ്പ് | 21144335.71 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 15422000 | 15422000 | 13866366 | 1555634 |
| വികസന ഫണ്ട്-എസ്.സി.പി(ACR പ്രകാരം) | | 0 | 9381000 | 9381000 | 6272225 | 3108775 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 100000 | 100000 | 0 | 100000 |
| മെയിന്റനൻസ് ഫണ്ട്, റോഡ് (ACR പ്രകാരം) | | 0 | 17474000 | 17474000 | 16862134 | 611866 |
| മെയിന്റനൻസ് ഫണ്ട്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3184000 | 3184000 | 2845786 | 338214 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9060493 | 9060493 | 4911333 | 4149160 |
| സാക്ഷരത | | 10381 | 467 | 10848 | 0 | 10848 |
| ദുരിതാശ്വാസനിധി | | 15902 | 0 | 15902 | 0 | 15902 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 15539972 | 15539972 | 15539972 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5488 | 402132 | 407620 | 392108 | 15512 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ഐ.സി.ഡി.എസ് | 876091 | 528350 | 1404441 | 367908 | 1036533 |
| | ടി.എസ്.സി | 0 | 391038 | 391038 | 0 | 391038 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ –വിമുക്തി | | 25000 | 12500 | 37500 | 25000 | 12500 |
| ശുചിത്വ മിഷൻ | | 228805 | 297147 | 525952 | 17147 | 408805 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 105366 | 5091320 | 5196686 | 3252559 | 1944127 |
| | ജില്ലാ പഞ്ചായത്ത് | 0 | 2805423 | 2805423 | 2722823 | 826000 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | | 0 | 10609191 | 10609191 | 10609191 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് (എസ്.ബി.ഐ ട്രഷറി ബാങ്ക്) | 1744758 | 11728882 | 13473640 | 10659995 | 2813645 |
| | ഇ-പേയ്മെന്റ് (എസ്.ബി.ഐ, കേച്ചേരി) | 69784 | 147587 | 217371 | 0 | 217371 |
| | ട്രഷറി അക്കൗണ്ട് | 959546 | 19571214 | 20530760 | 10068625 | 10462135 |
| | വേലൂർ സർവ്വീസ് സഹകരണ ബാങ്ക് | 2314809.71 | 6570320 | 8885129.71 | 3238253 | 5646876.71 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 101991513 | 146 | 57511672 | 69 | - | 67.91 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

# 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 178680 | 61 |
| കർഷകതൊഴിലാളി പെൻഷൻ | 2675600 | 640 |
| വിധവാപെൻഷൻ | 5366400 | 1245 |
| വാർദ്ധക്യകാലപെൻഷൻ | 8173400 | 1822 |
| വികലാംഗ പെൻഷൻ | 1724600 | 389 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള | 808700 | 189 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 6 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.01.2020 3.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,839/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.12.2019 | 2019 ഒക്ടോബർ, നവംബർ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.10.2016 മുതൽ 26.10.2016 വരെ | 2011-12 മുതൽ 2015-16 വരെ | 25.11.2016 |

# 1-10 ആഭ്യന്തര നിയന്ത്രണം

1. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ പലതിലും ട്രഷറി ബില്ലിന്റെ പകർപ്പ് സൂക്ഷിക്കുന്നില്ല.

2. ഇ-ടെണ്ടർ നടത്തിയ പല പ്രവൃത്തികളുടേയും ഫയലിൽ ഇ-ടെണ്ടർ പോർട്ടലിൽ നിന്നും ലഭിക്കുന്ന BOQ താരതമ്യ പത്രിക സൂക്ഷിച്ചിട്ടില്ല.

3. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് അക്കൗണ്ടിംഗ് മാന്വൽ നിലവിൽ വന്നിട്ടില്ല.

4. ബജറ്റും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറും തമ്മിൽ സംയോജിപ്പാക്കാത്തതിനാൽ ബജറ്റിൽ വകയിരുത്തുന്ന തുകക്കനുസരിച്ച് ചെലവുകളുടെ യാന്ത്രികമായ ക്ലിപ്തപ്പെടുത്തൽ നടക്കുന്നില്ല.

5. പ്രൊജക്ട് രൂപീകരണം, മോണിട്ടറിംഗ് എന്നീ പ്രവർത്തനങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ഇടപെടൽ കാര്യക്ഷമമല്ല. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും രണ്ട് പ്രാവശ്യം വീതമാണ് യോഗം കൂടിയിരിക്കുന്നത്. ഏതാനും പദ്ധതി നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് എന്നതൊഴികെ മോണിട്ടറിംഗ് നടത്തുന്നതുമായി യാതൊരു രേഖപ്പെടുത്തലും മിനിട്സിൽ ഇല്ല.

# 1-11 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1 തൻവർഷം</u>

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2771418 | 2710095 | 89998 | 2618 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2771418 | 2710095 | 96932 | 1377 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | 1446 /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1812313 | 1548783 | 36913 | 195324 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1812313 | 1548783 | 79862 | 196614 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance collection-PT on NR bldg- | (206445 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

| | | | ന്റെ ലെഡ്ജർ) | |
|---|---|---|---|---|

2.2 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസി ഡൻ ഷ്യൽ | 141483 | 3038 | 144521 | 137701 | 2011 | 139712 | 5132 | - | 131 | 448 | 579 |
| | നോൺ- റെസി ഡൻ ഷ്യൽ | 91770 | 9093 | 100863 | 77593 | 6165 | 83758 | 3461 | - | 9838 | 2904 | 12742 |
| | ആകെ | | | 245384 | | | 223448 | 8593 | | 13321 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 245319 | | | 223470 | | | - | 231998 | 13321 | | |
| | | 12077+233242 =245319 (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (4319 10101 - State govt Cess/ levies ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.3. "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, , 2.2 എന്നീ ഖണ്ഡികയിലെ പട്ടികകൾ)

2.4. 1/4/2018-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19-ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ വേലൂർ ഗ്രാമപഞ്ചായത്തിൽ 210 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19-ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residential building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 01/04/18ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ്

തുകയിലേക്ക് വാർഷിക കണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും , ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.5. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 223470രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 223448രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State govt cesses/levies in Property tax control account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 231998 രൂപയാണ്. (വൗച്ചർ no.41800338 തിയതി 30/03/19, 41800349 തിയതി 30/03/19, 41800350 തിയതി 30/03/19 ,41800355 തിയതി 31/03/19 (231927+71=231998))(പട്ടിക 2.2കാണുക )

2.6 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior period items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues - Property tax on Residential building | 65887 | 96932 |
| 2 | 350410104-Advance collection of revenues - Property tax on Non-Residential building | 26162 | 79862 |

2.7 തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 84080രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.7.1 റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800330 | 30/03/2019 | 30380 |

2.7.2 നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800340 | 01/04/2018 | 53700 |

3. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

3.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

3.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

3.4വാടക ഡിമാന്റ് രജിസ്റ്റർ

3.5പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

3.6 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

3.7ലേല രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മത്സ്യ ലേലം സംബന്ധിച്ച രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. ആയതിന്റെ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.

3.8 കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല

| ഇനം | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം |
|---|---|
| Notice fee | 47349 |
| Ownership change Fee | 26500 |
| | |

| | |
|---|---|
| Other Fees | 3811 |
| Sale of Tender Form | 121509 |
| Sale of Other forms | 2267 |
| Sale of Scrap | 94001 |
| Hire Charge of Ambulance | 37772 |

4. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 29906 |
| 280100104-Prior period income-Property tax on non residential buildings | 53236 |

5. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

7. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 15982401 രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 20645003 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ്

പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

8 . സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

9. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല. Suppliers SD, Cotractors Retention, Other Deposit Revenue എന്നീ ശീർഷകങ്ങളിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് എന്നിവ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2018-19 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം 460509901-Advance to others എന്ന ശീർഷകത്തിൽ നീക്കിയിരുപ്പ് കാണിച്ചിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ വിശദാംശങ്ങൾ ചേർത്തിട്ടില്ല.

10. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/19ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/19 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 | | |
|---|---|---|---|---|---|---|
| ക്രമ നം. | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320700104 | Contribution for joint venture project block share | 1532757 | | | |
| 2 | 320700204 | Contribution for joint venture project block share | 411370 | | | |
| 3. | 320700205 | Contribution for joint venture project District panchayath share | 82600 | | | |
| | | total | 2026727 | 450650109 | Treasury special TSB joint venture | 1962046 |

11. താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക, പാസ്സ്ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ലഭ്യമാക്കിയില്ല.

| ക്രമ നം. | ബാങ്ക് | B-17 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| | | |

| | | |
|---|---|---|
| 1 | Velur co-operative Bank- Distress Relief Fund | 15902 |

11.1 വേലൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിലെ താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability in respect of stale cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| 198994 | 28-2-18 | 635 |
| 431709 | 20-1-18 | 1000 |
| - | 22-1-18 | 3733 |
| 196390 | 10-11-17 | 900 |
| 196734 | 19-11-17 | 500 |
| 431688 | 20-9-17 | 2250 |
| 199944 | 19-9-18 | 175 |
| 199908 | 4-8-18 | 443 |
| 1170605000 | 28-3-18 | 33030 |
| 1182405000 | 15-3-18 | 132400 |
| - | 30-4-18 | 123 |
| - | 30-6-18 | 105 |
| - | 31-7-18 | 60 |
| 9633756 | 12-7-18 | 430 |
| 199783 | 12-7-18 | 500 |
| 199787 | 23-7-18 | 2300 |
| 199931 | 5-9-18 | 767 |
| 1892144 | 14-2-18 | 19091 |
| 195262 | 5-7-17 | 4750 |
| 195244 | 12-6-17 | 310 |
| 0 | 6-10-16 | 500 |
| 185235 | 22-9-16 | 250 |
| 175250 | 28-11-15 | 500 |
| 180809 | 6-10-15 | 720 |
| 158650 | 17-10-13 | 1260 |
| 158236 | 26-7-13 | 500 |
| 158249 | 7-8-13 | 501 |
| 138558 | 13-1-14 | 200 |
| 158486 | 28-2-14 | 350 |
| - | 1-4-12 | 7061 |

| | | |
|---|---|---|
| 157323 | 21-3-13 | 500 |
| 157111 | 25-4-13 | 70 |
| 158221 | 9-7-13 | 332 |
| 158105 | 7-8-13 | 3371 |
| 158615 | 13-9-13 | 750 |
| 158649 | 17-10-13 | 500 |
| 200046 | 28-12-18 | 400 |
| - | 2-3-17 | 30 |
| 199377 | 27-3-18 | 900 |
| 419077 | 27-2-18 | 3510 |
| - | 31-8-18 | 60 |
| 199756 | 21-6-18 | 950 |
| 199733 | 31-5-18 | 4500 |
| 199733 | 31-5-18 | 4000 |
| 199733 | 31-5-18 | 4300 |
| 431712 | 20-2-18 | 660 |

11.2 വേലൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് തനത് ഫണ്ട് അക്കൗണ്ട് ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 485636 രൂപ “Cheques deposited but not credited” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| - | 31-1-18 | 1000 |
| | 29-12-17 | 3733 |
| | 26-9-18 | 30 |
| 199787 | 23-7-18 | 2310 |
| 199733 | 31-5-18 | 4500 |
| 199733 | 31-5-18 | 4300 |
| 199733 | 31-5-18 | 4000 |
| 9633756 | 12-7-18 | 430 |
| 0221694 | 5-9-18 | 767 |
| - | 15-11-18 | 74506 |
| 0 | 20-9-17 | 2250 |
| - | 27-9-16 | 500 |
| 59536 | 24-3-15 | 1250 |
| 488405 | 27-3-18 | 33030 |
| - | 20-3-18 | 660 |

| | | |
|---|---|---|
| - | 20-3-18 | 8340 |
| 539873 | 15-5-18 | 132400 |
| 419077 | 27-2-18 | 3510 |

11.3. വേലൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിലെ ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിൽ വന്ന താഴെ ചേർത്തിരിക്കുന്ന ഡെബിറ്റ് തുകകൾ 31/3/2019 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രികയിൽ ഈ തുക " Directly debited by bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2018-19 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| തീയതി | തുക |
|---|---|
| 22-12-15 | 500 |
| 17-3-16 | 20 |
| 2-12-2002 | 30 |
| 30-3-19 | 71 |
| ആകെ | 621 |

12. റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ RP-31 പ്രകാരം 5000 രൂപ Donation for Housing (320200307) എന്ന ശീർഷകത്തിൽ വരവുണ്ട്. 'ഭവനനിധി"ക്കായി കേരള ഗ്രാമീണ ബാങ്കിൽ 27-11-18-ൽ ആരംഭിച്ച അക്കൗണ്ടിൽ (അക്കൗണ്ട് നം-40739101007170O) പ്രസ്തുത തുക നിക്ഷേപിയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 'ഭവനനിധി" അക്കൗണ്ടും തുകയും ബാലൻസ് ഷീറ്റ് B-17 പ്രകാരമുള്ള നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടില്ല.

13. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/19 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2019-ൽ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 3121120/- രൂപയാണ്. എന്നാൽ 31/3/2019 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital work in progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 2734030/- രൂപയാണ്.

# 1-12 തൊഴിൽനികുതി - അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 204 (i) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഏതൊരു കമ്പനിയിൽ നിന്നും, 204 (ii) വകുപ്പ് പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ ബിസിനസ്സിലോ ഏർപ്പെട്ട ഏതൊരാളിൽ നിന്നും പരമാവധി നിർണ്ണയിക്കപ്പെട്ട നിരക്കുകളിൽ കവിയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് അനുശാസിക്കുന്നു. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) കുറുമാൽ പോസ്റ്റ് ഓഫീസിന്റെ 2018-19 രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി പത്രികയിൽ 2 താൽക്കാലിക ജീവനക്കാരുടെ പേര് രേഖപ്പെടുത്തുകയും സ്ഥിരം ജീവനക്കാരില്ലാത്തതിനാൽ തൊഴിൽനികുതി അടവാക്കുന്നില്ല എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇത് ചട്ടവിരുദ്ധമാണ്. ചട്ടം അനുശാസിക്കുന്ന തരത്തിലുള്ള വരുമാനപരിധിയിൽ പെടുന്നവരാണോ ഈ ജീവനക്കാർ എന്ന് പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഈടാക്കേണ്ടതുമാണ്.

2) വിദ്യ അക്കാദമി ഓഫ് സയൻസ് & ടെക്നോളജി എന്ന സ്ഥാപനത്തിന്റെ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ള കൃഷ്ണകുമാർ.കെ, മൃദുല.എം. ഡോ.ടി.എൻ.പദ്മനാഭൻ എന്നിവർ Adjuct faculty എന്ന് രേഖപ്പെടുത്തി തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) ബി.എസ്.എൻ.എൽ, വേലൂരിന്റെ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 205 (ബി), (സി) എന്നീ വകുപ്പുകൾ പ്രകാരം നോട്ടീസ് നൽകി പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-13 കെട്ടിട നിർമ്മാണ അനുമതി - അപാകതകൾ

കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് 12900/ആർ.എ.1/2015/തസ്വഭവ. തീയതി 02.12.2015 നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലർ പ്രകാരം കെട്ടിടനിർമ്മാണ അനുമതിക്കുള്ള അപേക്ഷ രജിസ്റ്റർ ചെയ്യപ്പെടുന്നത് മുതൽ കെട്ടിടനിർമ്മാണം പൂർത്തിയായി ഒക്യുപൻസി നൽകുന്നത് വരെ അപേക്ഷയിൻമേൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ കെട്ടിടനമ്പർ അനുവദിച്ചവയുടെ ഫയലുകൾ പരിശോധിച്ചതിൽ കെട്ടിടനിർമ്മാണ അനുമതി മുതൽ നമ്പറിംഗ് വരെയുള്ള നടപടികളിൽ മേൽ സർക്കുലറിലെ പല നിർദ്ദേശങ്ങളും പാലിക്കപ്പെട്ടിട്ടില്ല എന്ന് കാണുകയുണ്ടായി. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1) പെർമിറ്റ് നം. എ5-ബിഎ(232883)/2018 തീ.28.09.2018, രാജീവ്, താഴിശ്ശേരി വീട് – പ്ലാനിൽ എ.ഇ/ഓവർസിയർ/സെക്രട്ടറി അംഗീകരിച്ച് ഒപ്പ് വച്ചിട്ടില്ല.

2) പെർമിറ്റ് നം. എ3/384/2014 തീ.06.05.2014 പ്രകാരം രാജേന്ദ്രൻ.വി.കെ, വേങ്ങിലശ്ശേരി വീട്, വേലൂർ എന്നവരുടെ 254.5ച.മീ പാർപ്പിട നിർമ്മാണത്തിന് അനുമതി നൽകിയിരുന്നു. അനുമതിയുടെ കാലാവധി 05.05.2017 ന് തീർന്നതിന് ശേഷം 12.03.2018 ന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയപ്പോൾ VI/232A നമ്പർ നൽകി നികുതി നിർണ്ണയം നടത്തിയിരിക്കുന്നു. പെർമിറ്റ് കാലാവധി പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുയോ ക്രമവൽക്കരണ ഫീസ് അടവാക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറിയിലൂടെ (നം.10/25.01.2020) വിവരം ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ക്രമവൽക്കരണ ഫീസായ 1527/- രൂപ അടവാക്കുകയുണ്ടായി.

**കെട്ടിട നിർമ്മാണ അനുമതി നൽകുമ്പോൾ ചട്ടം പൂർണ്ണമായും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.**

## 1-14 വസ്തു നികുതി ഈടാക്കിയതിലെ അപാകതകൾ

വസ്തുനികുതി ഈടാക്കിയത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കുമ്പോൾ സ.ഉ. (എം.എസ്) നം. 231/15/തസ്വഭവ തീ.09/07/15 പ്രകാരം റവന്യൂ വകുപ്പിൽ കെട്ടിട നികുതി അടവാക്കിയതിന്റെ രശീതി ഹാജരാക്കുന്നതായി കാണുന്നില്ല.

2) 250 ചതുരശ്രമീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% വർദ്ധനവ് വരുത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഉദാഹരണം ചേർക്കുന്നു.

a) മുബാറക്, ചുള്ളിയിൽ വീട്, പാത്രമംഗലം – I/250B നമ്പർ നൽകിയ 250.8 ച.മീ പാർപ്പിടം

b) ജയശ്രീ.എം.ഡി, ചിറ്റക്കാരൻ വീട്, കുറുമാൽ – X/253A നമ്പർ നൽകിയ 307.4 ച.മീ പാർപ്പിടം

c) രാജേന്ദ്രൻ.വി.കെ, വേങ്ങിലശ്ശേരി വീട്, വേലൂർ – VI/232A നമ്പർ നൽകിയ 254.5 ച.മീ പാർപ്പിടം

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.11/25.01.2020 നുള്ള മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ലേലം - നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

ലേലം കൊള്ളുന്നതിന് ആളില്ലാത്തതിനാൽ താഴെ പറയുന്ന വസ്തുവഹകൾ പ്രയോജനരഹിതമായിരിക്കുന്നതായി കാണുന്നു.

1) 13-ാം വാർഡിൽ വെള്ളാറ്റഞ്ഞൂർ ട്രാൻസ്ഫോർമറിനടുത്തുള്ള ഉങ്ങ്, തേക്ക് 17-ാം വാർഡിലെ 81-ാം നമ്പർ അംഗൻവാടി പരിസരത്തെ തേക്ക് എന്നിവയ്ക്ക് മൊത്തം 68,151/- രൂപ വില നിശ്ചയിച്ചുകൊണ്ട് തൃശ്ശൂർ സോഷ്യൽ ഫോറസ്റ്റ് ഡിവിഷൻ റേഞ്ച് ഓഫീസർ വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് നൽകുകയും രണ്ട് തവണ ലേലം നടത്തി ലേലം കൊള്ളാൻ ആരും തയ്യാറാകാത്തതിനാൽ ലേലം നടക്കുകയുണ്ടായില്ല എന്നും ഫയലിൽ കാണുന്നു. പുനർലേല നടപടി സ്വീകരിക്കേണ്ടതാണ്.

2) ചെറുകുന്ന് കോളനി സമഗ്രവികസനം -വാർഡ് 13, പ്രവൃത്തിയുമായി ബന്ധപ്പെട്ട് പൊളിച്ച് നീക്കി സ്റ്റാക്ക് ചെയ്ത 7.23m$^3$ കരിങ്കല്ല് ഘനമീറ്ററിന് 1187.21രൂപ നിരക്ക് പ്രകാരം 8,548/- രൂപ വില നിശ്ചയിച്ച് അസി.എഞ്ചിനീയർ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ രണ്ട് തവണ ലേല നടപടികൾ സ്വീകരിച്ചു. ലേലം കൊള്ളാൻ ആളില്ലാത്തതിനാൽ ലേലം നടന്നിട്ടില്ല എന്ന് ഫയലിൽ കാണുന്നു. പുനർലേലം നടത്തുകയോ പഞ്ചായത്തിൽ നടക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ഈ കരിങ്കല്ല് ഉപയോഗപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

## 1-16 രശീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

രശീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) സാംഖ്യ രശീതികളുടെ കാൻസൽഡ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2) കാൻസൽ ചെയ്ത രശീതികൾ ചുമതലപ്പെട്ട മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

3) പ്രിന്റ് ചെയ്യാത്ത ഒട്ടനവധി രശീതികൾ കാൻസൽ ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു.

4) പ്രിന്റ് ചെയ്ത രശീതികൾ കാൻസൽ ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു. ഉദാ. സാംഖ്യ രശീതി നം. 118240105074, 118240106026, 118240106073, 118240106864, 118240106865, 118240106878

5) ഡേബുക്കിൽ എൻട്രി ചെയ്ത സാംഖ്യ രശീതി നം. 118240104731 (മെഷീൻ നം.8549661) പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

6) ഡേബുക്കിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തലുകൾ വരുത്തുന്നില്ല.

സാംഖ്യ, മാനുവൽ രശീതികൾ അവധാനത കൂടാതെ കൈകാര്യം ചെയ്യേണ്ടതും ഉത്തരവാദപ്പെട്ട മേലുദ്യോഗസ്ഥർ ആയത് പ്രത്യേക പരിഗണന നൽകി ശ്രദ്ധിക്കേണ്ടതുമാണ്.

# 1-17 ആംബുലൻസ് - വാഹന ഉപയോഗം സംബന്ധിച്ച സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ KL-48/B-8617 മാരുതി ഓമ്നി ആംബുലൻസ് സർവ്വീസിനായി ഉപയോഗിക്കുന്നുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) വാഹന ഉപയോഗം സംബന്ധിച്ച സ.ഉ.(എം.എസ്)170/07 തസ്വഭവ തീ.30.06.2007 പ്രകാരം ലോഗ് ബുക്ക് വാഹന കസ്റ്റോഡിയൻ സാക്ഷ്യപ്പെടുത്തുന്നില്ല. അത് പോലെ തന്നെ ഇന്ധനം നിറയ്ക്കുമ്പോൾ ഫുൾടാങ്ക് ഡീസൽ നിറയ്ക്കുന്നതായോ കസ്റ്റോഡിയൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നതായോ കാണുന്നില്ല.

2) ഇന്ധനക്ഷമതാ പരിശോധന നടത്തിയതിന്റെ വിവരം ലഭ്യമല്ല.

3) 10.01.2020 തീയതി വരെ മാത്രമാണ് ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നത്.

4) പ്രതിമാസ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല.

5) റിപ്പയർ& മെയിന്റനൻസ് രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലോഗ് ബുക്കിൽ ഈവിവരങ്ങൾ രേഖപ്പെടുത്തി കാണുന്നുമില്ല.

ഈ വിവരങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.14/28.01.2020 ന് നൽകിയ മറുപടിയിൽ ആംബുലൻസ് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിലും മുഴുവൻ സമയവും ഉപയോഗിക്കുന്നത് ആരോഗ്യവിഭാഗത്തിന്റെ സാന്ത്വന ചികിത്സക്കും ഗൃഹസന്ദർശനങ്ങൾക്കും മറ്റ് മെഡിക്കൽ ആവശ്യങ്ങൾക്കുമായാണ് എന്നും വാഹനത്തിന്റെ ഇന്ധനബിൽ, റിപ്പയർ-ഇൻഷ്വറൻസ് എന്നിവയ്ക്കുള്ള തുക അനുവദിക്കൽ മാത്രമാണ് പഞ്ചായത്ത് ചെയ്യുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. വാഹന ഉപയോഗത്തെ സംബന്ധിച്ച ചുമതലകൾ നിർവ്വഹിക്കുന്നതിനായി ആരോഗ്യവിഭാഗത്തിന് (FHC) കത്ത് നൽകിയിരുന്നതായും വാഹനത്തിന്റെ ചുമതല FHC ക്ക് നൽകിയിട്ടില്ലാത്തതിനാൽ ഇത് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല എന്ന മറുപടിയാണ് ലഭിച്ചത് എന്നും അറിയിച്ചിട്ടുണ്ട്.

വാഹനത്തിന്റെ ഉടമസ്ഥത ഗ്രാമപഞ്ചായത്തിനായതിനാൽ കസ്റ്റോഡിയനായ സെക്രട്ടറി സർക്കാർ ഉത്തരവ് പാലിക്കുന്നതിനായി കൃത്യമായ ചുമതലകൾ നിശ്ചയിച്ച് നൽകി കർശന നിർദ്ദേശങ്ങൾ നൽകേണ്ടതും ആയത് പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തി ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

# 1-18 തനത് ഫണ്ട് ഒന്നിൽക്കൂടുതൽ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നു

സർക്കുലർ നമ്പർ 58725/ എഫ്.എം3 2008/ ത.സ്വ. ഭ.വ /26.5.11, അനുസരിച്ച് തനത് ഫണ്ട് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണബാങ്കിലോ ഉള്ള ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം എന്നും ഇതിനായി ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ട് നിലനിറുത്തരുത് എന്നും നിർദ്ദേശമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് വേലൂർ സർവ്വീസ് സഹകരണ

ബാങ്ക് (അക്കൗണ്ട് നം.102100010003072), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, KUHAS ബ്രാഞ്ച് (അക്കൗണ്ട് നം.33411656542), സൗത്ത് ഇന്ത്യൻ ബാങ്ക്, വേലൂർ ബ്രാഞ്ച് (അക്കൗണ്ട് നം.0094053000021576) എന്നിവിടങ്ങളിൽ നിക്ഷേപിച്ചിരിക്കുന്നതായി കാണുന്നു.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 25/30.01.2020 നുള്ള മറുപടിയിൽ സർവ്വീസ് സഹകരണ ബാങ്കിൽ NEFT, RTGS ഇടപാടുകൾക്കുള്ള സൗകര്യം ഇല്ലാത്തതിനാൽ ഭരണസമിതിയുടെ 01.06.2019 തീയതിയിലെ തീരുമാനം നം.16(1) പ്രകാരമാണ് സൗത്ത് ഇന്ത്യൻ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചത് എന്ന് അറിയിച്ചു. ഷെഡ്യൂൾഡ് ബാങ്കായ സൗത്ത് ഇന്ത്യൻ ബാങ്കിൽ അക്കൗണ്ട് തുടങ്ങുന്നതിന് പ്രത്യേക അനുമതി ലഭിച്ചതായുള്ള വിവരങ്ങൾ ലഭ്യമല്ല. നിലവിലുള്ള സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

# 1-19 പുതിയതായി ആരംഭിച്ച ബാങ്ക് അക്കൗണ്ടുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് -PFMS മുഖേന ലഭിക്കുന്നതിനായി ഒരു പുതിയ കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന ധനകാര്യവകുപ്പിന്റെ 15.09.18 ലെ സ.ഉ.(സാധാ)7013/2011/ധന നമ്പറിലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് ആരംഭിക്കാൻ ഭരണസമിതിയുടെ 27.03.2019 ലെ 1(4) -ാം നമ്പർ തീരുമാനപ്രകാരം നിശ്ചയിച്ചിരുന്നു. ഇതനുസരിച്ച് 40739111000070 എന്ന നമ്പറിലുള്ള ഒരു അക്കൗണ്ട് 29.3.19 ൽ ആരംഭിച്ചതായി ഗ്രാമീൺ ബാങ്കിന്റെ പാസ്സ് ബുക്കിൽ നിന്നും വ്യക്തമാകുന്നു. പാസ്സ് ബുക്ക് പ്രകാരം ഈ അക്കൗണ്ടിൽ ഇടപാടുകളൊന്നും നടന്നിട്ടില്ല. ഈ അക്കൗണ്ട് 2018-19വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമീൺ ബാങ്കിലെ ഭവനനിധിക്കായി തുറന്ന പുതിയ അക്കൗണ്ടിൽ പൊതുജനങ്ങളുടെ സംഭാവന അടവാക്കുന്നതിനായി വൗച്ചർ നം.21800802/27.11.18 പ്രകാരം 5000 രൂപ ചെലവ് ചേർത്തിട്ടുണ്ട്. ഈ അക്കൗണ്ടും 2018-19വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

പുതിയ അക്കൗണ്ടുകൾ ആരംഭിക്കുന്ന മുറക്ക് തന്നെ വാർഷികകണക്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇത്തരം അപാകതകൾ ഭാവിയിൽ സംഭവിക്കാതെ ശ്രദ്ധിക്കേണ്ടതുമാണ്. മേൽ പറഞ്ഞ രണ്ട് അക്കൗണ്ടുകളും വാർഷികകണക്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

# 1-20 ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭ്യമായില്ല

പഞ്ചായത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ നടത്തുമ്പോൾ കരാറുകാർ അടക്കുന്ന ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടിരുന്നത്. പിന്നീട് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് നിക്ഷേപിക്കപ്പെട്ടു തുടങ്ങി. ടെണ്ടർ ഫീസിനത്തിൽ ലഭിക്കുന്ന തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കുള്ള വരുമാനമാണ്. എന്നാൽ നാളിതുവരെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിക്കാനുള്ള തുക, ലഭ്യമായ തുക, അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ച തുക, missing credits , ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയ തുക തുടങ്ങിയ വിശദാംശങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/29.1.2020 ന് മറുപടി ലഭ്യമായില്ല. പഞ്ചായത്തിന് അർഹമായ ടെണ്ടർഫീസ് നഷ്ടപ്പെടാതിരിക്കാനുള്ള

അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

# 1-21 കുടിവെള്ളപദ്ധതികളുടെ ആവർത്തനചെലവുകൾ പഞ്ചായത്ത് വഹിക്കുന്നു

സ.ഉ.(കൈ) നം.11/2018/തസ്വഭവ/29.1.2018 ലെ ഖണ്ഡിക 7.1(ബി)(6) പ്രകാരം കുടിവെള്ളപദ്ധതികളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതികളുടെ ചുമതലയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 21 കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല. ഈ പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ തൻവർഷം 236792 രൂപ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/30.01.2020 ന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്തൃസമിതിക്ക് കൈമാറാത്ത 21 പദ്ധതികളിൽ പകുതിയോളം പട്ടികജാതിക്കാർക്കുള്ള പദ്ധതികളാണെന്നും ബാക്കിയുള്ളവയുടെ കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പട്ടികജാതി കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കേണ്ടതും ബാക്കിയുള്ള കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-22 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 13-ാം പദ്ധതി മാർഗ്ഗരേഖയായ 29.01.2018 ലെ സ.ഉ.(കൈ) നം.11/2018/തസ്വഭവ ഉത്തരവിൽ വിശദമായി നിർദ്ദശങ്ങളുണ്ട്. എന്നാൽ പ്രൊജക്ടുകളുടെ ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് എന്നിവ നിർവ്വഹിക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. ഇത് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയേയും ഫലപ്രാപ്തിയേയും ബാധിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. റോഡ് കണക്റ്റിവിറ്റി പ്ലാൻ, ഭൂപടം എന്നിവ തയ്യാറാക്കിയിട്ടില്ല

ഗതാഗതമേഖലയിലെ പ്രൊജക്ട് നിർവ്വഹിക്കുന്നതിന് ഓരോ തദ്ദേശഭരണസ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 7.13(1) ൽ അനുശാസിക്കുന്നു. ഓരോ റോഡ് നിർമ്മാണ പ്രവൃത്തിയോടൊപ്പവും റോഡ് കണക്റ്റിവിറ്റി ഭൂപടത്തിൽ പ്രസ്തുത റോഡിന്റെ ഭാഗം അടയാളപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ റോഡ് കണക്റ്റിവിറ്റി ഭൂപടവും പദ്ധതിയും തയ്യാറാക്കാതെയാണ് ഗതാഗതമേഖലയിലെ പ്രൊജക്ടുകൾ നടപ്പാക്കിയിരിക്കുന്നത്.

2. ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല

സംരക്ഷണഗ്രാന്റും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി ഓരോ തദ്ദേശഭരണസ്ഥാപനവും തയ്യാറാക്കണമെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 6.7(1) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കാതെയാണ് ആസ്തി സംരക്ഷണപ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്നത്.

3. നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടത്തുന്നില്ല

മാർഗ്ഗരേഖയിലെ ഖണ്ഡിക 13.1 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിംഗ് നടത്തിയിട്ടില്ല.

4. നിർമ്മാണപ്രവൃത്തികളുടെ വിവരങ്ങൾ പ്രദർശിപ്പിച്ചിട്ടില്ല

മാർഗ്ഗരേഖയിലെ ഖണ്ഡിക 13.5 പ്രകാരം നിർമ്മാണപ്രവൃത്തികൾ സംബന്ധിച്ച് പ്രവൃത്തിയുടെ പേര്, വർഷം, പ്രവൃത്തി നടത്തുന്ന നിർവ്വഹണ ഏജൻസിയുടെ/കരാറുകാരന്റെ പേര് ,ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ചതുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് എന്നിവ രേഖപ്പെടുത്തിയ ബോർഡ് പ്രദർശിപ്പിക്കണം. എന്നാൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരുത്തുകയോ ബോർഡുകൾ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.3/25.01.2020)

# 1-23 വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാനായില്ല

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പാക്കിയത് | നടപ്പാക്കിയതിന്റെ ശതമാനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പ്രൊജക്ടുകൾ / വകയിരുത്തിയ തുക | 139 | 93 | 67 | 44056526 | 23832895 | 54 |

പ്രൊജക്ടുകളിൽ 67% പ്രൊജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. വകയിരുത്തിയ തുകയുടെ 54% ഇതിനായി ചെലവഴിച്ചു. ആകെ വകയിരുത്തിയ 44056526 രൂപയിൽ 23832895 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പ്രൊജക്ട് നിർവ്വഹണം കുറവായത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/25.01.2020 ന് ലഭ്യമാക്കിയ മറുപടിയിൽ ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ പാസ്സാവാതെ "ക്യൂ" ലിസ്റ്റിൽ ഉൾപ്പെട്ടതുകൊണ്ടാണ് ഫണ്ട് വിനിയോഗം കുറഞ്ഞതെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. വരും വർഷങ്ങളിൽ പ്രൊജക്ടുകൾ പൂർത്തിയാക്കി സമയബന്ധിതമായി ട്രഷറിയിൽ ബില്ലുകൾ സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

# 1-24 സംയുക്തപരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം ഉറപ്പുവരുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷം 353 പൊതുടാപ്പുകൾക്കായി പ്രതിമാസം 154438 രൂപ നിരക്കിൽ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കിയിട്ടുണ്ട്. ജി.ഒ.(ആർ.ടി.) 1501/2006/തസ്വഭവ തീയതി 23.6.2006 പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വെള്ളം ലഭിക്കുന്ന ടാപ്പുകളുടെ എണ്ണം ഉറപ്പുവരുത്തുവാൻ നിർദ്ദേശമുണ്ടായിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/30.01.20 ന് ലഭ്യമാക്കിയ മറുപടിയിൽ 18.07.2016 ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെന്നും എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായില്ലെന്നും പറയുന്നു. ഈ സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയുടെ ഉന്നത അധികൃതരുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതും വെള്ളം ലഭിക്കുന്ന ടാപ്പുകളുടെ വെള്ളക്കരം മാത്രമാണ് അടവാക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-25 കുടിവെള്ളപ്രൊജക്ടുകളുടെ നിർവ്വഹണത്തിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ വിവിധ കുടിവെള്ളപദ്ധതികളുടെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കുടിവെള്ളപദ്ധതികൾ പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങളില്ല

1.1. പ്രൊജക്ട് നം/പേര് :207/18,187/19; വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങുന്നതിന്

വകയിരുത്തിയ തുക : ₹700000(ധനകാര്യകമ്മീഷൻ അവാർഡ്)

കരാറുകാരൻ : ശ്രീ. എം.നന്ദനൻ

കരാർ നം. : 1/AE/LSGD/VLR/18-19/30.05.18

ചെലവ് : ട്ര.ബിൽ നം.41/30.10.18 ; 434346 രൂപ

അളവ് പുസ്തകം : 389/16-17,391/16-17

കോടശ്ശേരി, പള്ളിക്കുളം, തയ്യൂർ, മൂലായിൽ, വടക്കുമുറി, ശാന്തിനഗർ, പാത്രമംഗലം, എന്നീ കുടിവെള്ളപദ്ധതികൾക്ക് മോട്ടോർ വാങ്ങുന്നതിനും കീഴ് തണ്ടിലം, വടക്കുമുറി കുടിവെള്ളപദ്ധതികളുടെ പാനൽ ബോർഡ് മാറ്റുന്നതിനും മുത്തിരിവ് പദ്ധതിയുടെ കേബിൾ മാറ്റുന്നതിനും വേണ്ടിയാണ് പ്രൊജക്ടിൽ തുക വകയിരുത്തിയിരുന്നത്.

ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള ഇലക്ട്രിക്കൽ കമ്മിറ്റിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതും സാങ്കേതികാനുമതി നൽകിയിരിക്കുന്നതും. കോടശ്ശേരി, പള്ളിക്കുളം, തയ്യൂര് കുരിശ്ശുപള്ളി, കീഴ് തണ്ടിലം, വടക്കുമുറി, മുത്തിരിവ് എന്നീ പദ്ധതികളുടെ സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റുകളാണ് ഫയലിലുള്ളത്. ഇ- ടെണ്ടർ മുഖേന ശ്രീ.എം.നന്ദനൻ എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുകയും മേൽ പ്രകാരം കരാറിൽ ഏർപ്പെടുകയും ചെയ്തു.

കോടശ്ശേരി, പള്ളിക്കുളം, തയ്യൂര് കുരിശ്ശുപള്ളി എന്നീ പ്രവൃത്തികൾ പൂർത്തിയാക്കിയതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയത് പ്രകാരം ഈ മൂന്ന് പ്രവൃത്തികളുടെ ആകെ പ്രവൃത്തി മൂല്യം 473053/- രൂപയായും ഇലക്ട്രിക്കൽ കമ്മിറ്റിയുടെ പ്രതിഫലം അടക്കം ആകെ നൽകേണ്ട തുക 493222/- രൂപയായും കണക്കാക്കിയിട്ടുണ്ട്. അളവ് പുസ്തകത്തിൽ മെമ്മോറാണ്ടം ഓഫ് പെയ്മെന്റ് എഴുതിയിട്ടില്ല. ട.ബിൽ നം.41/30.10.18 പ്രകാരം 434346/- രൂപയാണ് പിൻവലിച്ചിരിക്കുന്നത്. ഇത് പാർട്ട് ബിൽ ആയിട്ടാണ് ട്രഷറി ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ഇ-ടെണ്ടർ ചെയ്തത് ഏതെല്ലാം പദ്ധതികളുടെ എസ്റ്റിമേറ്റുകൾ ചേർത്താണെന്ന് വ്യക്തമല്ല. എസ്റ്റിമേറ്റ് ലഭ്യമായിരുന്ന തണ്ടിലം, വടക്കുമുറി, മുത്തിരിവ് എന്നീ പദ്ധതികൾ മേൽ ടെണ്ടറിൽ ഉൾപ്പെടുത്തിയിരുന്നുവോയെന്ന് വ്യക്തമല്ല.

പ്രൊജക്ടിൽ പറഞ്ഞിരുന്ന മുഴുവൻ കുടിവെള്ള പദ്ധതികളും പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങൾ നൽകുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല.

(ഓഡിറ്റ് എൻക്വയറി നം.19/29.1.2020)

1.2. പ്രൊജക്ട് നം./പേര് : 208/18,188/19; വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങുന്നതിന്(എസ്.സി.)

വകയിരുത്തിയ തുക : ₹265000(വികസനഫണ്ട്(എസ്.സി.പി.))

കരാറുകാരൻ : ശ്രീ.എം.നന്ദനൻ

കരാർ നം. : 2/AE/LSGD/VLR/18-19/30.05.18

ചെലവ് : ട.ബിൽ നം.42/30.10.18;120002രൂപ

അളവ് പുസ്തകം : 390/16-17

പ്രൊജക്ട് പ്രകാരം തയ്യൂർ വള്ളിപ്പറ്റ, തയ്യൂർ കുന്നത്ത് പുരക്കൽ, കോട്ടപ്പുറം തെക്കേകോളനി എന്നീ കുടിവെള്ള പദ്ധതികളുടെ മോട്ടോർ വാങ്ങുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്.

ഫയലിൽ തയ്യൂർ വള്ളിപ്പറ്റ, കോട്ടപ്പുറം തെക്കേകോളനി, വടക്കുമുറി എന്നീ പദ്ധതികളുടെ എസ്റ്റിമേറ്റ് ഉണ്ട്. തയ്യൂർ കുന്നത്ത് പുരക്കൽ എന്ന പദ്ധതിയുടെ ഭാഗികമായ എസ്റ്റിമേറ്റ് ഫയിലുണ്ട്. എല്ലാ എസ്റ്റിമേറ്റിനും സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്.

ടെണ്ടർ ചെയ്തതിന്റെ രേഖകൾ ഫയലില്ല. അളവ് പുസ്തക പ്രകാരം തയ്യൂർ വള്ളിപ്പറ്റ, തയ്യൂർ കുന്നത്ത് പുരക്കൽ എന്നീ പദ്ധതികൾ പൂർത്തിയാക്കിയതായും പ്രതിഫലം അടക്കം ആകെ മൂല്യം 158608/-

ആയി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ട്ര.ബിൽ 42/30.10.18 പ്രകാരം പാർട്ട് ബിൽ ഇനത്തിൽ 120002/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ടിലെ മറ്റ് പദ്ധതികൾ പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങൾ, ടെണ്ടർ രേഖകൾ, സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവയും ലഭ്യമാക്കിയില്ല.

(ഓഡിറ്റ് എൻക്വയറി നം.19/29.1.2020)

1.3. പ്രൊജക്ട് നം./പേര്: 143/18,185/19;കുട്ടംകളം കുടിവെള്ളപദ്ധതി

വകയിരുത്തിയ തുക ; ₹635000(ധനകാര്യകമ്മീഷൻ അവാർഡ്)

കരാറുകാരൻ : ശ്രീ. എം.നന്ദനൻ

ചെലവ് : ട്ര.ബിൽ നം.81/20.3.19;417880രൂപ

അളവ് പുസ്തകം : 323/16-17

പുതിയ ബോർവെൽ കുഴിച്ച് 467 മീറ്റർ പമ്പിങ്ങ് മെയിൻ സ്ഥാപിച്ച് 3000 ലിറ്റർ ടാങ്കിൽ വെള്ളം സംഭരിച്ച് പഴയ ലൈനുമായി യോജിപ്പിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. അളവ് പുസ്തകം 323/16-17 പ്രകാരം ബോർവെൽ കുഴിക്കുകയും മീറ്റർ ബോർഡ്, വാട്ടർ ടാങ്ക്, പൈപ്പ് ലൈൻ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ട്ര.ബിൽ 81/20.3.19 പ്രകാരം 417880/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതി ഇലക്ട്രിഫിക്കേഷൻ നടത്തിയതിന്റേയും മോട്ടോർ സ്ഥാപിച്ചതിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

(ഓഡിറ്റ് എൻക്വയറി നം.19/29.1.2020)

1.4. പ്രൊജക്ട് നം./പേര് : 129/19,ജീവധാര കുടിവെള്ളപദ്ധതി

വകയിരുത്തിയ തുക ; ₹125000(ധനകാര്യകമ്മീഷൻ അവാർഡ്)

കരാറുകാരൻ : ശ്രീ. ഇ.എസ്.വിൽസൻ

കരാർ നം. : 72/AE/LSGD/VLR/18-19/19.12.18

ചെലവ് : ട്ര.ബിൽ നം.95/26.3.19;71040രൂപ

അളവ് പുസ്തകം : 343/18-19

പൈപ്പ് ലൈൻ സ്ഥാപിക്കൽ, ബോർവെൽ കുഴിക്കൽ, ഇലക്ട്രിഫിക്കേഷൻ എന്നീ ഇനങ്ങൾക്കാണ് 125000/- രൂപ പ്രൊജക്ടിൽ വകയിരുത്തിയിരുന്നത്. തൻവർഷം ബോർവെൽ കുഴിക്കൽ മാത്രമാണ് നിർവ്വഹിച്ചിരിക്കുന്നത്. ഇതിനായി തൻവർഷം 71040/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബില്ലിൽ നിന്നും 1776/- രൂപ റീടെൻഷൻ ഇനത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ 2019-20 ൽ സ്പിൽ ഓവർ പ്രൊജക്ട് തയ്യാറാക്കിയതിന്റേയോ പ്രവൃത്തി പൂർത്തിയാക്കിയതിന്റേയോ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

(ഓഡിറ്റ് എൻക്വയറി നം.7/25.1.2020)

2. എസ്റ്റിമേറ്റ് പുതുക്കുന്നതിന് പകരം പുതിയ പ്രൊജക്ട് തയ്യാറാക്കി

പ്രൊജക്ട് നം./പേര് : 156/18,197/19, മൂരായിൽ കുടിവെള്ളപദ്ധതി

വകയിരുത്തിയ തുക : ₹900000(ധനകാര്യകമ്മീഷൻ അവാർഡ്)

കരാറുകാരൻ : ശ്രീ. എം.നന്ദനൻ

കരാർ നം. : 73/AE/LSGD/VLR/18-19/29.12.17

ചെലവ് : 2017-18; 183971/- രൂപ

ട.ബിൽ നം.60/11.3.19;503780/- രൂപ

അളവ് പുസ്തകം : 320/16-17

2017-18, 2018-19 എന്നീ വർഷങ്ങളിലായി ബഹുവർഷപ്രൊജക്ടായി പദ്ധതി നടപ്പാക്കാനാണ് പ്രൊജക്ടിൽ ഉദ്ദേശിച്ചിരുന്നത്. ഇ-ടെണ്ടർ മുഖേന ശ്രീ. നന്ദനൻ എന്ന കരാറുകാരൻ 789223/- രൂപക്കാണ് പ്രവൃത്തി ഏറ്റെടുത്തിരുന്നത്. എസ്റ്റിമേറ്റ് തുകയായ 797899/- രൂപ (900000-102101 ജി.എസ്.ടി.) യേക്കാൾ 1.08% ത്തോളം കുറഞ്ഞ നിരക്കായിരുന്നു ഇത്. പ്രവൃത്തിയുടെ ഓപ്പൺ വെൽ, മീറ്റർ ഹൗസ്, പമ്പിങ്ങ് മെയിൻ, ടാങ്ക് എന്നിവ നിർമ്മിക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ മേൽ പ്രകാരം 687751/- രൂപ (183971+503780) ചെലവഴിച്ച് കൊണ്ട് പ്രൊജക്ട് അവസാനിപ്പിച്ചു. ഓപ്പൺ വെൽ, പമ്പിങ്ങ് മെയിൻ, ടാങ്ക് എന്നിവയാണ് നിർവ്വഹിക്കപ്പെട്ട ഇനങ്ങൾ. ഏതാനും എക്സ്ട്രാ ഇനങ്ങളും നിർവ്വഹിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിലുണ്ടായിരുന്ന മീറ്റർ ഹൗസ്, ഓപ്പൺ വെൽ ന് ചുറ്റുമതിൽ, വീടുകളിലേക്കുള്ള കണക്ഷൻ എന്നീ ഇനങ്ങൾ നിർവ്വഹിച്ചിട്ടില്ല. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.

2018-19 ൽ മൂരായിൽ കുടിവെള്ളപദ്ധതി എന്ന പേരിൽ 128/19 എന്ന നമ്പറിലുള്ള പുതിയ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. കിണറിന്റെ പൂർത്തീകരണ പ്രവൃത്തികൾ, മീറ്റർ ഹൗസ് നിർമ്മാണം, മോട്ടോർ&ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയാണ് ഈ പ്രൊജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ശ്രീ.അനിരുദ്ധൻ എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിനാണ് പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത്. എന്നാൽ ഈ പ്രൊജക്ടിൽ തൻവർഷം ചെലവൊന്നും നടന്നിട്ടില്ല.

മൂരായിൽ കുടിവെള്ളപദ്ധതി എന്ന 197/19 നമ്പർ പ്രൊജക്ടിൽ മോട്ടോർ&ഇലക്ട്രിക്കൽ പ്രവൃത്തികൾ മാത്രമാണ് ഇല്ലാതിരുന്നത്. എന്നാൽ മുഴുവൻ ഇനങ്ങളും നിർവഹിക്കാതെ പ്രവൃത്തി അവസാനിപ്പിച്ചു. എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നിരക്കായിരുന്ന ഈ ഇനങ്ങൾക്ക്. പുതിയ പ്രൊജക്ടിൽ (128/19)ഉൾപ്പെടുത്തി ഈ ഇനങ്ങൾ ചെയ്തപ്പോൾ എസ്റ്റിമേറ്റ് നിരക്കിലാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. ഇത് പഞ്ചായത്തിന് നഷ്ടം വരുത്താൻ ഇടയാക്കുന്നതാണ്.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.23/30.1.2020 ന് മറുപടി ലഭ്യമായില്ല.

മൂരായിൽ കുടിവെള്ളപദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

# 1-26 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടുകളിൽ നീക്കിയിരിപ്പ്

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ 79901140005119 എന്ന അക്കൗണ്ട് നമ്പറിലുള്ള ഒരു ടി.എസ്.ബി. അക്കൗണ്ടും 33405728684 എന്ന അക്കൗണ്ട് നമ്പറിലുള്ള ഒരു എസ്.ബി. ഐ.

അക്കൗണ്ടും നിലവിലുണ്ട്. ടി.എസ്.ബി. അക്കൗണ്ടിൽ 30.3.19 ൽ 467243/- രൂപയും 29.01.20 ൽ 527317/- രൂപയും നീക്കിയിരിപ്പുണ്ട്. 527317/- രൂപ 18.1.20 ൽ വരവ് വന്നിട്ടുള്ളതാണ്. എസ്.ബി.ഐ. അക്കൗണ്ടിൽ 29.1.20 ൽ 63374/- രൂപ നീക്കിയിരിപ്പുണ്ട്. ഇടപാടുകളില്ലാത്ത ഈ അക്കൗണ്ടിൽ 25.6.18 ന ശേഷം പലിശ ഇനത്തിലുള്ള വരവ് മാത്രമാണുള്ളത്. ഈ അക്കൗണ്ടുകൾ തുടങ്ങാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/29.1.20 ന് മറുപടി ലഭ്യമാക്കിയില്ല.

ഈ അക്കൗണ്ടുകൾ നിലനിർത്തുന്നതിന് പിൻബലം നൽകുന്ന ഉത്തരവുകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ അക്കൗണ്ടുകൾ അവസാനിപ്പിക്കേണ്ടതും നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്.

# 1-27 വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിച്ച ഫണ്ടുകൾ ചെലവഴിക്കാതെ കിടക്കുന്നു

പഞ്ചായത്തിലെ പദ്ധതികൾക്കായി വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിച്ച ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്രോതസ്സ് | ലഭിച്ച തുക₹ | ലഭിച്ച തിയതി | 31.3.19 ലെ നീക്കിയിരിപ്പ്₹ | കുറിപ്പുകൾ |
|---|---|---|---|---|---|
| 1. | കുടുംബശ്രീ മിഷൻ | 1250000 | 26.10.18 | 1250000 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് ഉപകരണങ്ങൾ വാങ്ങുന്നതിന് വേണ്ടി ലഭിച്ച തുകയാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് ആവശ്യമായ കെട്ടിടം പണി പൂർത്തിയാകാത്തതിനാൽ നാളിതുവരെ ആയിട്ടും തുക ചെലവഴിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. |
| 2. | ശുചിത്വ മിഷൻ | 180000<br>920000 | 28.3.18<br>22.5.18 | 920000 | ഖരമാലിന്യ സംസ്കരണം എന്ന പ്രൊജക്ടിൽ ഇതു വരെ 610796 രൂപ ചെലവഴിച്ചതായും പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ബാക്കി തുക ചെലവഴിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |
| 3. | ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 500000<br>1000000 | 31.8.18<br>23.11.18 | 1500000 | പഞ്ചായത്തിലെ രണ്ട് റോഡിനും ഒരു കുടിവെള്ളപദ്ധതിക്കും വേണ്ടി ലഭിച്ച തുകയാണിതെന്നും പ്രവൃത്തികൾ പൂർത്തിയാകുന്ന മുറക്ക് ചെലവഴിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 4. | ബ്ളോക്ക് പഞ്ചായത്ത് വിഹിതം (റവന്യൂ) | 411370 | ലഭ്യമല്ല | 411370 | ഇതിൽ നിന്നും 105386 രൂപ 2019-20 ൽ തിരിച്ചടച്ചതായും ബാക്കി തുക ലൈഫ് പ്രൊജക്റ്റിൽ വകയിരുത്തിയതായും ഗുണഭോക്താക്കൾ വീട് പണി പൂർത്തിയാക്കുന്ന മുറക്ക് ചെലവഴിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |

മേൽ സൂചിപ്പിച്ചതിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളുടെ വിനിയോഗം കാര്യക്ഷമമല്ലെന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ ഫണ്ടുകൾ സമയബന്ധിതമായി നിഷ്കർഷിച്ച ഉദ്ദേശ്യത്തിന് തന്നെ വിനിയോഗിക്കുന്നതിന് ഭരണസമിതി ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-28 ഫണ്ട് വിനിയോഗം -97 ലക്ഷത്തിൽപ്പരം രൂപ ലാപ്സായി

സർക്കാരിൽ നിന്നും ലഭിച്ച വിവിധ ഫണ്ടുകളുടെ വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ലാപ്സായ തുക | വിനിയോഗ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 15422000 | 13866366 | 1555634 | 90 |
| വികസനഫണ്ട്(എസ്.സി.പി.) | 9381000 | 6272225 | 3108775 | 67 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 17474000 | 16862134 | 611866 | 96 |
| സംരക്ഷണ ഗ്രാന്റ്(നോൺറോഡ്) | 3184000 | 2845786 | 338214 | 89 |
| ധനകാര്യകമ്മീഷൻ അവാർഡ് | 9060493 | 4911333 | 4149160 | 54 |
| ആകെ | 54521493 | 44757844 | 9763649 | 82 |

തൻവർഷം വികസനഫണ്ട്(എസ്.സി.പി.) 67ശതമാനവും ധനകാര്യകമ്മീഷൻ അവാർഡ് 54 ശതമാനവും മാത്രമാണ് ചെലവഴിക്കാനായത്. 97 ലക്ഷത്തിൽ പരം രൂപ ലാപ്സായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/30.1.20 ന് നൽകിയ മറുപടിയിൽ 45 ലക്ഷത്തോളം രൂപയുടെ 29 ബില്ലുകൾ "ക്യൂ " ബില്ലായതു കൊണ്ടാണ് ഫണ്ട് വിനിയോഗത്തിൽ കുറവ് വന്നതെന്ന് അറിയിച്ചിട്ടുണ്ട്.

മാർച്ച് മാസം അവസാനം ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കാൻ ഇടവരാതെ നേരത്തെ തന്നെ തയ്യാറാക്കി സമർപ്പിക്കുന്നത് വഴി മെച്ചപ്പെട്ട ഫണ്ട് വിനിയോഗം ഉറപ്പ് വരുത്താവുന്നതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

# 1-29 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1)വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളോടനുബന്ധിച്ച് താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 2018-19 വർഷത്തിൽ മുൻകൂറായി ധനസഹായം അനുവദിച്ചിരുന്നുവെങ്കിലും അവർ, നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പദ്ധതി | 2018-19ൽ കൈപ്പറ്റിയ തുക |
|---|---|---|---|
| 1. | സിന്ധു .എൻ പി | S0028/19-എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി | 50000 |
| 2. | സുമതി .കെ.പി | S0032/19ലൈഫ് മിഷൻ ഭവന നിർമ്മാണം-എസ് സി | 40000 |

2) വീട് വാസയോഗ്യമാക്കലിനായുള്ള വിവിധ പദ്ധതികളുടെ ഭാഗമായുള്ള കരാർ മുദ്രപ്പത്രങ്ങളിൽ രേഖപ്പെടുത്തലുകളില്ല.കരാർ ചമക്കേണ്ടത് ആവശ്യമായ പദ്ധതികളിൽ ആവശ്യമായ വ്യവസ്ഥകൾ കരാറിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പുവരുത്തേണ്ടതാണ്

3)S0028/19-എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതിയുടെ ഭാഗമായി 5 ഗുണഭോക്താക്കൾ പഠന മുറിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പുതുതായി പണിത തറവിസ്തീർണം കൂടി ഉൾപ്പെടുത്തി ഇവരുടെ വീടിന്റെ വസ്തു നികുതി പുനർ നിർണ്ണയിച്ചിട്ടില്ല.ആയത് പുനർനിർണ്ണയിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

4) S0025/19-ലൈഫ് പദ്ധതി വീട് നിർമ്മാണം(ജനറൽ) -
അടങ്കൽ - 19200000
ചെലവ്- 9640000

പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി .മേഴ്സി എന്നവർ അപേക്ഷയോടൊപ്പം ലഭ്യമാക്കിയ റേഷൻ കാർഡിന്റെ പകർപ്പ് പ്രകാരം ഇവരുടെ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് തൃശ്ശൂർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇവർക്ക് വേലൂർ പഞ്ചായത്തിൽ നിന്നും ധനസഹായം അനുവദിച്ചതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കേണ്ടതാണ്.ഇവർക്ക് തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ സ്വന്തമായി വാസഗൃഹമില്ല എന്നും പദ്ധതി ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ല എന്നും ഉറപ്പു വരുത്തി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-30 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ,കുടുംബ ആരോഗ്യ കേന്ദ്രം, വേലൂർ നടപ്പിലാക്കിയ പദ്ധതികളോടനുബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ആശുപത്രിയിലെ പാലിയേറ്റീവ് കെയർ, ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമുകൾ എന്നിവക്കായി പഞ്ചായത്തു വക ആമ്പുലൻസ് (KL 48 B 8617) വിട്ടു നൽകുന്നതിലേക്ക് വാടക, ഡ്രൈവർക്ക് ഡെയ്‌ലി

വേജസ് എന്നിവ അതതു പദ്ധതികളിൽ നിന്നും ചെലവഴിക്കുന്നു. ആയതിനോടനുബന്ധിച്ച (നിരക്കുൾപ്പെടെ) കമ്മിറ്റി തീരുമാനങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

2) S0043/19സമഗ്ര ആരോഗ്യ വികസനം പദ്ധതി

അടങ്കൽ-105000

ചെലവ് -89035

ട്രഷറി ബിൽ നം. 8/21.11.18-14719

ട്രഷറി ബിൽ നം. 10/15.01.19-20100

ട്രഷറി ബിൽ നം. 12/19.02.19-24919

ട്രഷറി ബിൽ നം. 16/26.03.19-25747

ട്രഷറി ബിൽ നം. 17/26.03.19-3550

പദ്ധതിയുടെ ഭാഗമായി കടപരിശോധന നടത്തിയതിന് 850/- രൂപ (ട്രഷറി ബിൽ നം.10/15.01.19) ശ്രീ.വിജോയ് എന്നവർക്ക് അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പരിശോധനകൾ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന്റെ ഭാഗമാണെന്നിരിക്കേ, ആയതിന് വേണ്ടി പദ്ധതിയിൽ നിന്നും തുക അനുവദിച്ചത് ശരിയല്ല.

പദ്ധതിയുടെ ഭാഗമായി വാഹന വാടക ഇനത്തിൽ 21/2/19 ന് രണ്ടു തവണ വാഹന വാടക 850/- രൂപ വീതം ശ്രീ.വിജോയ്.ടി.വി ക്ക് അനുവദിച്ചിട്ടുണ്ട് (ട്രഷറി ബിൽ നം. 16/26.03.19-25747).

അധികം അനുവദിച്ച തുക തിരിച്ചു പിടിക്കേണ്ടതാണ്.

3) S0045/19-പ്രൈമറി ഹെൽത്ത് സെന്റർ ലാബ് നടത്തിപ്പിന് -

അടങ്കൽ-95000

ചെലവ് -68102

ട്രഷറി ബിൽ നം. 03/24.07.18-5605

ട്രഷറി ബിൽ നം. 11/14.02.19-62497

പദ്ധതിയുടെ ഭാഗമായി 68102/- രൂപ ലാബ് റിയേജന്റുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി ചെലവഴിച്ചു. പദ്ധതിയോടനുബന്ധിച്ച് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും നേരിട്ട് വാങ്ങുകയാണ് ചെയ്തത്.ആയത് ശരിയല്ല. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമല്ലാത്തപ്പോൾ അടിയന്തിര സാഹചര്യം മറികടക്കുന്നതിനാവശ്യമായ മരുന്നുകൾ മാത്രം എച്ച് എംസിയുടെ ശുപാർശയോടുകൂടി ഇത്തരത്തിൽ നേരിട്ട് വാങ്ങാവുന്നതാണ്.

4) S00229/19 പിഎച്ച് സിയിലേക്ക് മരുന്ന വാങ്ങൽ -

അടങ്കൽ -100000 രൂപ

പ്രഫോർമ ഇൻവോയ്സ് നം.PRF 5486/20.3.19 പ്രകാരം 100000/- രൂപ ട്രഷറി ബിൽ നം. 14/20.03.19, ടി.എസ്.ബി ചെക്ക് നം. 8073893 എന്നിവ പ്രകാരം കേരള മെഡിക്കൽ സർവ്വീസസ്

കോർപ്പറേഷന കൈമാറിയിട്ടുണ്ട്. മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

5) S0044/19-സാന്ത്വന പരിചരണ പദ്ധതി

അടങ്കൽ-636320

ചെലവ് -653739

ട്രഷറി ബിൽ നം . 02/24.07-18-102227

ട്രഷറി ബിൽ നം .6/21.11.18-68557

ട്രഷറി ബിൽ നം . 7/21.11.18-69642

ട്രഷറി ബിൽ നം . 79/21.02.19-120000

ട്രഷറി ബിൽ നം .84/27.02.19-10000

ജില്ലാ പഞ്ചായത്ത് വിഹിതം-955423

ബ്ലോക്ക് പഞ്ചായത്ത് വിഹിതം-1074577

ഈ പദ്ധതിയുടെ ഭാഗമായും, സമഗ്ര ആരോഗ്യ വികസനം പദ്ധതിയുടെ ഭാഗമായും ഒരേ ദിവസം 2 വേജസ് അനുവദിക്കപ്പെട്ടതായി കാണുന്ന .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<u>തീയതി</u> <u>ഡെയ്‌ലി വേജസ്</u>

22/08/18 - 700

31/08/18 – 700

4/10/18 - 700

5/10/18 – 700

24/10/18 – 700

അധികം നൽകിയ തുക തിരിച്ചു പിടിക്കേണ്ടതാണ്

പദ്ധതിയുടെ ഭാഗമായി 175000/- രൂപ KMSCL ന് മരുന്നുകൾക്കായി കൈമാറിയിരുന്നു. മരുന്നുകൾ ഇതുവരെ ലഭിച്ചിട്ടില്ല. 175000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ആകെ തടസ്സപ്പെടുത്തിയ തുക – 275000/- രൂപ

# 1-31 സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ-രേഖകൾ ലഭ്യമല്ല-

| പ്രോജക്റ്റ് നം | ബിൽ നം / തീയതി- | തുക | ലഭ്യമാക്കേണ്ട രേഖകൾ | തുക കൈപ്പറ്റിയ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | വ്യക്തി/ സ്ഥാപനം |
| 1/19- ഐ.കെ.എം വിഹിതം | 7/18-19 തി-19-7-18 | 80150 | വിനിയോഗ സാക്ഷ്യ പത്രം/ രശീതി | IKM |
| 8/19 പി.എം.എ.വൈ വിഹിതം | 24/18-19 തിയ്യതി 17-12-18 | 70000 | വിനിയോഗ സാക്ഷ്യ പത്രം | ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് |
| 204/19(so) ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 3/18-19 dt-29-6-18<br>12/18-19 dt-13-8-18<br>20/18-19 dt-25-10-18<br>29/18-19 dt-19-2-19 | 112534<br>6280<br>12156<br>6566 | കെ.എസ്.ഇ.ബി യുമായി ഏർപ്പെട്ട കരാർ, ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്, സാങ്കേതികാനുമതി, ഫൈനൽ ബിൽ, കംപ്ളീഷൻ സർട്ടിഫിക്കറ്റ് | KSEB |
| 5/19-സ്ട്രീറ്റ് ലൈൻ നീട്ടൽ | ബിൽനം 4/18 -19 തി.29-6-18 | 94518 | കെ.എസ്.ഇ.ബി യുമായി ഏർപ്പെട്ട കരാർ, ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്, സാങ്കേതികാനുമതി, ഫൈനൽ ബിൽ, കംപ്ളീഷൻ സർട്ടിഫിക്കറ്റ് | KSEB |
| 12/18-19 സുശാന്തം വിഹിതം നൽകൽ | 5/18-19 തിയ്യതി 29-6-18 | 50000 | വിനിയോഗ സാക്ഷ്യ പത്രം | സുശാന്തം സൊസൈറ്റി ഫോർ കെയർ ആൻഡ് കംപാഷൻ |
| ആകെ | | 432204 | | |

മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകിയ ചെലവു തുക 120000/- രൂപയുടെ രേഖകൾ ഹാജരാക്കേണ്ടതാണ്. മറ്റ് നിർവഹണ ഏജൻസികൾക്ക് അനുവദിച്ച 312204/- രൂപയുടെ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തടസ്സത്തിൽ വയ്ക്കുന്നു.

# 1-32 എയ്റോബിക്ക് കമ്പോസ്റ്റ് യൂണിറ്റ്

# നിർമ്മാണം പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പ്രോജക്റ്റ് നം -228/19

ബിൽ നം-38/18-19, തീ.27-3-19, തുക-250000

പഞ്ചായത്തിൽ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി എയ്റോബിക്ക് മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-33 പാലിന് സബ്സിഡി -അധികം തുക അനുവദിച്ചു

പ്രോജക്റ്റ് നം – 2/19

പ്രോജക്റ്റിന്റെ പേര് – ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി

നിർവഹണോദ്യോഗസ്ഥൻ –ഡയറി ഫാം ഇൻസ്ട്രക്റ്റർ

അടങ്കൽ – 1,25,000

ചെലവ് - 1,25,000

മേൽ പദ്ധതി പ്രകാരം ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് 01.04.2018 മുതൽ 2019 ജനവരി വരെ പാലിന് സബ്സിഡി അനുവദിച്ചു നൽകിയിട്ടുണ്ട്. താഴെ പറയും പ്രകാരം കർഷകർക്ക് തുക അനുവദിച്ചു നൽകിയിട്ടുണ്ട്.

| സഹകരണ സംഘം | കർഷകന്റെ പേര് | അക്കൗണ്ട് നമ്പർ | മാസം | തുക | ബിൽ നം/ ചെക്ക് നം |
|---|---|---|---|---|---|
| പുലിയന്നൂർ | അനിൽ.കെ.കാളാട്ട് | 67240188036 | ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെ | 19194 | 1/18-19, dt-10-10-18 |
| ” | “” | “” | സെപ്റ്റംബർ മുതൽ നവംബർ വരെ | 20088 | ചെക്ക് നം-7574324/28-12-18 |
| “” | “” | “” | ഡിസംബർ മുതൽ ജനവരി വരെ | 8841 | ചെക്ക് നം-7574325/16-3-19 |
| “” | പ്രൺജിത്ത്, മച്ചിങ്ങൽ | 16390100041836 | ഏപ്രിൽ മുതൽ | 21837 | 1/18-19, dt-10-10-18 |

| | | | | | |
|---|---|---|---|---|---|
| | | | ഓഗസ്റ്റ് വരെ | | |
| “” | “” | “” | സെപ്റ്റംബർ മുതൽ നവംബർ വരെ | 18207 | ചെക്ക് നം- 7574324/28-12-18 |
| “” | “” | “” | ഡിസംബർ മുതൽ ജനവരി വരെ | 4362 | ചെക്ക് നം- 7574325/16-3-19 |

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സ ഉ 22/18 തിയ്യതി 14-2-18പ്രകാരം ഒരു കർഷകന് നൽകാവുന്ന പരമാവധി സബ്സിഡി ഒരു വർഷം 40000 രൂപമാത്രമാണ്. എന്നാൽ മേൽ പറഞ്ഞ രണ്ടു പേർക്കുമായി 92529/- രൂപ അനുവദിച്ചിട്ടുണ്ട്. അധികമായി അനുവദിച്ച 12529/- രൂപ ഈടാക്കേണ്ടതാണ്.

# 1-34 തെരുവ് വിളക്ക് പരിപാലനം -കരാറുകാരന് ടെണ്ടർ നിരക്കിനേക്കാൾ അധികം തുക അനുവദിച്ചു

പ്രോജക്റ്റ് നം – 224/19

പ്രോജക്റ്റിന്റെ പേര് – തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിന് എ.എം.സി

നിർവഹണോദ്യോഗസ്ഥൻ – സെക്രട്ടറി

ബിൽ നം. – 30/18-19, തീ-12-3-19

തുക - 128494

1. മേൽപദ്ധതിയ്ക്കായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ബിജു ജോസ് ചക്കാലക്കൽ എന്നവർക്ക് 713 സി എഫ് എൽ റിപ്പയർ ചെയ്തതിന് ടെണ്ടർ പ്രകാരമുള്ള നിരക്കായ 163 രൂപ നിരക്കിൽ 116219 രൂപ അനുവദിയ്ക്കുന്നതിന് പകരം 163+ GST നിരക്കിൽ 130165 രൂപ അനുവദിച്ച കാണുന്നു. ടി പദ്ധതിയുടെ ടെണ്ടർ നോട്ടീസിൽ ഖണ്ഡിക 11 പ്രകാരം ക്വാട്ട് ചെയ്യുന്ന നിരക്ക് നികുതികൾ, ഡ്യൂട്ടികൾ, സെസ്സ്, പാക്കിംഗ് ട്രാൻസ്പോർട്ടേഷൻ , ഇൻസ്റ്റലേഷൻ ചാർജ്ജ് എന്നിവ അടക്കമുള്ളതായിരിയ്ക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം കരാറിലും ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ ടിയാൻ ഹാജരാക്കിയിരിക്കുന്ന ഇൻവോയ്സ് നം 25/11-2-19 പ്രകാരം കരാർ നിരക്കിനേക്കാൾ കൂടുതൽ അനുവദിച്ച തുക 13946/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

2. പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ ഒരു രജിസ്റ്റർ സൂക്ഷിയ്ക്കുന്നുണ്ടെങ്കിലും ആയതിൽ അഞ്ചു വർഷം മുൻപത്തെ വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിയ്ക്കുന്നത്.

ആയതിനാൽ റിപ്പയർ ചെയ്തവയുടെ വിവരം പരിശോധിയ്ക്കാൻ കഴിഞ്ഞിട്ടില്ല.

3. തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണ വകുപ്പ് പുറപ്പെടുവിച്ച 7-11-17 ലെ 177/ഡി എ 3/2016-സർക്കുലർ പ്രകാരം കോൺട്രാക്റ്റർക്ക് സൂപ്പർ വൈസറി ലൈസൻസും ബി ക്ളാസ് ലൈസൻസും ആവശ്യമാണ്. കോൺട്രാക്റ്ററുടെ സ്വന്തം ഉത്തരവാദിത്വത്തിൽ ഗ്രൂപ്പ് ഇൻഷൂറൻസ് വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിനായി ഏതെങ്കിലും സ്വകാര്യ ഇൻഷൂറൻസ് കമ്പനിയുമായി ധാരണയിലെത്തേണ്ടതും ലൈസൻസിനൊപ്പം ഇൻഷൂറൻസ് രേഖ ഹാജരാക്കേണ്ടതുമാണ്. എന്നാൽ ആയവ ഹാജരാക്കിയിട്ടില്ല. ടിയാൻ ഹാജരാക്കിയിരിക്കുന്ന ലൈസൻസ് PWD യുടെ A ക്ളാസ് ലൈസൻസ് ആണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

.. ..

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 പാലിന് സബ്സിഡി -അധികം തുക അനുവദിച്ചു

പ്രോജക്റ്റ് നം – 2/19

പ്രോജക്റ്റിന്റെ പേര് – ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി

നിർവഹണോദ്യോഗസ്ഥൻ –ഡയറി ഫാം ഇൻസ്ട്രക്റ്റർ

അടങ്കൽ – 1,25,000

ചെലവ് - 1,25,000

മേൽ പദ്ധതി പ്രകാരം ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് 01.04.2018 മുതൽ 2019 ജനവരി വരെ പാലിന് സബ്സിഡി അനുവദിച്ച് നൽകിയിട്ടുണ്ട്. താഴെ പറയും പ്രകാരം കർഷകർക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

| സഹകരണ സംഘം | കർഷകന്റെ പേര് | അക്കൗണ്ട് നമ്പർ | മാസം | തുക | ബിൽ നം/ ചെക്ക് നം |
|---|---|---|---|---|---|
| പുലിയന്നൂർ | അനിൽ.കെ.കാളാട്ട് | 67240188036 | ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെ | 19194 | 1/18-19, dt-10-10-18 |
| ” | “” | “” | സെപ്റ്റംബർ മുതൽ നവംബർ വരെ | 20088 | ചെക്ക് നം-7574324/28-12-18 |
| “” | “” | “” | ഡിസംബർ മുതൽ ജനവരി വരെ | 8841 | ചെക്ക് നം-7574325/16-3-19 |
| “” | പ്രൺജിത്ത്, മച്ചിങ്ങൽ | 16390100041836 | ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെ | 21837 | 1/18-19, dt-10-10-18 |
| “” | “” | “” | സെപ്റ്റംബർ മുതൽ നവംബർ വരെ | 18207 | ചെക്ക് നം-7574324/28-12-18 |
| “” | “” | “” | ഡിസംബർ മുതൽ ജനവരി വരെ | 4362 | ചെക്ക് നം-7574325/16-3-19 |

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സ.ഉ 22/18 തിയ്യതി 14-2-18പ്രകാരം ഒരു കർഷകന് നൽകാവുന്ന പരമാവധി സബ്സിഡി ഒരു വർഷം 40000/- രൂപമാത്രമാണ്. എന്നാൽ മേൽ പറഞ്ഞ രണ്ടു പേർക്കുമായി 92529/- രൂപ അനുവദിച്ചിട്ടുണ്ട്. അധികമായി അനുവദിച്ച 12529/- രൂപ ഈടാക്കേണ്ടതാണ്.

# 3-2 തെരുവ് വിളക്ക് പരിപാലനം -കരാറുകാരന് ടെണ്ടർ നിരക്കിനേക്കാൾ അധികം തുക അനുവദിച്ചു

പ്രോജക്റ്റ് നം. – 224/19

പ്രോജക്റ്റിന്റെ പേര് – തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിന് എ.എം.സി

നിർവഹണോദ്യോഗസ്ഥൻ – സെക്രട്ടറി

ബിൽ നം. – 30/18-19, തീ-12-3-19

തുക - 128494

1. മേൽപദ്ധതിയ്ക്കായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ബിജു ജോസ് ചക്കാലക്കൽ എന്നവർക്ക് 713 സി എഫ് എൽ റിപ്പയർ ചെയ്തതിന് ടെണ്ടർ പ്രകാരമുള്ള നിരക്കായ 163/- രൂപ നിരക്കിൽ 116219/- രൂപ അനുവദിയ്ക്കുന്നതിന് പകരം 163+ GST നിരക്കിൽ 130165 രൂപ അനുവദിച്ചു കാണുന്നു. ടി പദ്ധതിയുടെ ടെണ്ടർ നോട്ടീസിൽ ഖണ്ഡിക 11 പ്രകാരം ക്വാട്ട് ചെയ്യുന്ന നിരക്ക് നികുതികൾ, ഡ്യൂട്ടികൾ, സെസ്സ്, പാക്കിംഗ് ട്രാൻസ്പോർട്ടേഷൻ , ഇൻസ്റ്റലേഷൻ ചാർജ്ജ് എന്നിവ അടക്കമുള്ളതായിരിയ്ക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം കരാറിലും ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ ടിയാൻ ഹാജരാക്കിയിരിക്കുന്ന ഇൻവോയ്സ് നം 25/11-2-19 പ്രകാരം കരാർ നിരക്കിനേക്കാൾ കൂടുതൽ അനുവദിച്ച തുക 13946/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

2. പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ ഒരു രജിസ്റ്റർ സൂക്ഷിയ്ക്കുന്നുണ്ടെങ്കിലും ആയതിൽ അഞ്ചു വർഷം മുൻപത്തെ വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിയ്ക്കുന്നത്.

ആയതിനാൽ റിപ്പയർ ചെയ്തവയുടെ വിവരം പരിശോധിയ്ക്കാൻ കഴിഞ്ഞിട്ടില്ല.

3. തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണ വകുപ്പ് പുറപ്പെടുവിച്ച 7-11-17 ലെ 177/ഡി എ 3/2016-സർക്കുലർ പ്രകാരം കോൺട്രാക്റ്റർക്ക് സൂപ്പർ വൈസറി ലൈസൻസും ബി ക്ലാസ് ലൈസൻസും ആവശ്യമാണ്. കോൺട്രാക്റ്ററുടെ സ്വന്തം ഉത്തരവാദിത്വത്തിൽ ഗ്രൂപ്പ് ഇൻഷൂറൻസ് വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിനായി ഏതെങ്കിലും സ്വകാര്യ ഇൻഷൂറൻസ് കമ്പനിയുമായി ധാരണയിലെത്തേണ്ടതും ലൈസൻസിനൊപ്പം ഇൻഷൂറൻസ് രേഖ ഹാജരാക്കേണ്ടതുമാണ്. എന്നാൽ ആയവ ഹാജരാക്കിയിട്ടില്ല. ടിയാൻ ഹാജരാക്കിയിരിക്കുന്ന ലൈസൻസ് PWD യുടെ A ക്ലാസ് ലൈസൻസ് ആണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 250000 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി. | 250000 | 0 |
| | | 700000 | നെൽ കൃഷി – കൂലിച്ചെലവ് | 700000 | 0 |
| | | 200000 | പച്ചക്കറി വികസനം | 200000 | 0 |
| | | 200000 | അങ്കണവാടി പോഷകാഹാരം | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 955423 | ലൈഫ് മിഷൻ | 955423 | 0 |
| | | 500000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 417400 | 82600 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 600000 | നെൽ കൃഷി – കൂലിച്ചെലവ് | 600000 | 0 |
| | | 500000 | ഫീഡിങ്ങ് റൂം | 0 | 500000 |
| | | 500000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 500000 | 0 |
| | | 200000 | അങ്കണവാടി പോഷകാഹാരം | 200000 | 0 |
| | | 275000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 275000 | 0 |
| | | 136320 | സാന്ത്വന പരിചരണം | 135739 | 581 |
| | | 500000 | മമ്പറമ്പ് കുടിവെള്ളപദ്ധതി | 0 | 500000 |
| | | 1155000 | ലൈഫ് ഭവനപദ്ധതി | 1074577 | 80423 |
| | | 500000 | കൈതക്കോടൻ റോഡ് | 0 | 500000 |
| | | 500000 | താഴിശ്ശേരി വീട് | 467243 | 32757 |
| | | 225000 | ലൈഫ് മിഷൻ | 0 | 225000 |

.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ നീട്ടൽ | NEFT ട്രാൻസ്ഫർ | 110027 | 110027 | 0 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിലെ പോസ്റ്റ് മാറ്റൽ | ,, | 137536 | 137536 | 0 |
| ഐ.ആർ.ടി.സി, | എയറോബിക് | ,, | 250000 | 250000 | 0 |

| | | | | | |
|---|---|---|---|---|---|
| മുണ്ടൂർ | കമ്പോസ്റ്റ് ബിൻ | | | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-4 വായ്പ/വായ്പാ തിരിച്ചടവ്

.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി – തുക കണ്ടെത്തുന്നതിന് | ജി.ഒ(എം.എസ്) 68/2018/ തസ്വഭവ/ തിരുവനന്തപുരം തീ.18.05.2018 | 5302732 | 0 | 0 | 0 | 5302732 |

•

# 4-5 സ്ഥിര നിക്ഷേപം

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

വാർഷിക കണക്കുകൾ ഷെഡ്യൂൾ RP 10 പ്രകാരം Recovery from employees – Audit Recovery based on Charge Certificate എന്ന ശീർഷകത്തിൽ 1,60,697/-രൂപ വരവ് കാണിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമായ വിവരപ്രകാരമുള്ള തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം. തീയതി |
|---|---|---|---|---|
| 2014-15 | 2-3 | 120 | കെ.ഒ.ഫ്രാൻസിസ്, കൊല്ലന്നൂർ | 118240101520 dt.21.05.2018 |
| 2015-16 | 2-2 | 2500 | ബൈജു, PWD കോൺട്രാക്ടർ | 118240108132 dt.25.03.2019 |
| | 3-10 | 1500 | മെഡിക്കൽ ഓഫീസർ | 118240100255 dt.09.05.2018 |
| 2016-17 | 2-6 | 8350 | മാനേജർ , അബെക്സ് ഇൻഡസ്ട്രീസ് | 118240101964 dt.08.09.2018 |
| ആകെ | | 12470 | | |

ബാക്കി തുക ഓഡിറ്റ് റിക്കവറി ഹെഡ്ഡിൽ തെറ്റായി വരവ് വച്ചതാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2015-16/ 2-2 | 2016-17/ 2-2 | തൊഴിൽ നികുതി 2015-16 | 30-07-2018 ലെ A8-3501/18 നമ്പർ കത്ത് പ്രകാരം ആദ്യ മറുപടി നൽകിയിട്ടുണ്ട്. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89831127 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73848726 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 26475 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 587204 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 12529 | ശ്രീമതി.ജിഷ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-2 | - | 13946 | ശ്രീമതി.ശ്രീകല.വി.ജി., സെക്രട്ടറി |
| ആകെ | - | 26475 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30(4&5) | 2,75,000 | ശ്രീമതി.സ്മിത കൊച്ചുമോൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |

| | | |
|---|---|---|
| 1-31 | 3,12,204 | ശ്രീമതി.ശ്രീകല.വി.ജി, സെക്രട്ടറി |
| ആകെ | 5,87,204 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ മേൽവിലാസം (ഓഡിറ്റ് നടന്ന സമയം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ശ്രീകല.വി.ജി, സെക്രട്ടറി | സെക്രട്ടറി, വേലൂർ ഗ്രാമപഞ്ചായത്ത് | നവജീവൻ, വിദ്യാനഗർ, പാട്ടുക്കാട്, വിയ്യൂർ.പി.ഒ, തൃശ്ശൂർ-680010 |
| ശ്രീമതി.ജിഷ, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, ക്ഷീരവികസന ഓഫീസ്, ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമായിട്ടില്ല. |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 68-69, 72-73, 74-75, 75-76, 76-77, 77-78, 78-79, 79-80, 80-81 88-89 | എൽ. എഫ്. ടി ( എസ് 2) / 816/ 11/ 29.7.11/ 30.9.11 |

| | |
|---|---|
| 89-90<br>90-91,<br>92-93<br>93-94<br>94-95<br>95-96 | എൽ. എഫ്. ടി ( എസ് 2) / 816/ 11/ 29.7.11/ 30.9.11 |
| 96-97 | എൽ .എഫ്.ടി 13- 607/98/6.2.99 |
| 97-98 | എൽ .എഫ്.ടി 13- 611/2000/14.6.2000 |
| 98-99 | എൽ .എഫ്.ടി 20- 167/01/7.6.01 |
| 99-00 | എൽ .എഫ്.ടി 17- 335/05/15.11.05 |
| 2000-01 ( പ്ലാൻ) & 01-02 | എൽ .എഫ്.ടി 17- 1762/03/26.2.04 |
| 01-02 (പ്ലാൻ) | എൽ .എഫ്.ടി 17- 451/06/30.3.06 |
| 2003-04 | എൽ .എഫ്.ടി 17- 1116/07/7.11.07 |
| 2004-05 | എൽ .എഫ്.ടി 17- 1669/08/14.6.10 |
| 2005-06 | എൽ .എഫ്.ടി 17- 343/10/18.3.11 |
| 2006-07 | എൽ .എഫ്.ടി 17- 344/10/18.3.2011/ 18.10.11 |
| 2007-08 | എൽ.എഫ്.ടി പി 2- 1091/12/24.9.2012 |
| 2008-09 | എൽ .എഫ്.ടി പി 2- 1090/12/24.9.12 |
| 2009-10 | എൽ .എഫ്.ടി പി (2)- 1084/12/24.9.12 |
| 2010-11 | എൽ .എഫ്.ടി പി (2)- 1085/12/24.9.12/ 02.02.13 |
| 2011-12 | എൽ.എഫ്.ടിപി(6)- 1123/13/ 11.12.13/3.2.14 |
| 2012-13 | എൽ .എഫ്.ടി പി (9)- 1521/14/12.1.15/ 17.3.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (പി9)792/15 തീയതി 15.10.15/4.11.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി9)864/16 തീയതി 01.06.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി9)1/2017 തീയതി 30-01-2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (പി6) 1370/2017 തീയതി, 28-11-2017/20-12-2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ (പി6) 51/2019 തീയതി, 17-01-2019 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം - 2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| | സംക്ഷിപ്തം(AuditedAbstract) |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ